നം: 47/PR/2023/I&PRD

ഇൻഫർമേഷൻ പബ്ലിക് റിലേഷൻസ് വകുപ്പ്
ഗവ. സെക്രട്ടേറിയറ്റ്, തിരുവനന്തപുരം
ഫോൺ : 0471 2518637
തീയതി : 13/10/2023

## ക്വട്ടേഷൻ ക്ഷണിക്കുന്നു

2023 നവംബർ 01 മുതൽ 07 വരെ തിരുവനന്തപുരത്ത് നടക്കുന്ന കേരളീയം 2023 പരിപാടിയുടെ ഭാഗമായി നഗരത്തിന്റെ വിവിധ ഭാഗങ്ങളിൽ ഫോട്ടോ എക്സിബിഷൻ സംഘടിപ്പിക്കുന്നതിന് ഈ രംഗത്ത് അഞ്ചു വർഷമെങ്കിലും പ്രവൃത്തി പരിചയമുള്ള വ്യക്തികളിൽനിന്നും സ്ഥാപനങ്ങളിൽനിന്നും മുദ്രവച്ച ക്വട്ടേഷനുകൾ ക്ഷണിച്ചു.

കേരളം കൈവരിച്ച വികസന നേട്ടങ്ങളുമായി ബന്ധപ്പെട്ട് ഇൻഫർമേഷൻ പബ്ലിക് റിലേഷൻസ് വകുപ്പ് നൽകുന്ന ചിത്രങ്ങൾ 3 x 2 അടി വലിപ്പത്തിൽ പ്രിന്റ് ചെയ്ത് 50 ഫ്രെയിമുകളിലായി ഒരു വേദിയിൽ ഏഴു ദിവസം പ്രദർശിപ്പിക്കുന്നതിനു വേണ്ട നിരക്കാണ് ക്വാട്ട് ചെയ്യേണ്ടത്. കേരളീയത്തിന്റെ ഭാഗമായി ഇൻഫർമേഷൻ പബ്ലിക് റിലേഷൻസ് നിർദേശിക്കുന്ന എണ്ണം വേദികളിൽ ഇവ പ്രദർശിപ്പിക്കണം. ഫ്രെയിം ചെയ്ത ഫോട്ടോകൾ എക്സിബിറ്റ് ചെയ്യുന്നതിനുള്ള പശ്ചാത്തല സൗകര്യങ്ങളും സജ്ജമാക്കണം.

മേൽപ്പറഞ്ഞ നിബന്ധനകളെല്ലാം പാലിക്കുംവിധം തയാറാക്കിയ മുദ്രവച്ച ക്വട്ടേഷനുകൾ 2023 ഒക്ടോബർ 20ന് ഉച്ചയ്ക്ക് 12:00നു മുൻപായി ഡെപ്യൂട്ടി ഡയറക്ടർ (എം.ആർ), ഇൻഫർമേഷൻ പബ്ലിക് റിലേഷൻസ് വകുപ്പ്, ഒന്നാം നില, നോർത്ത് ബ്ലോക്ക്, ഗവ. സെക്രട്ടേറിയറ്റ്, തിരുവനന്തപുരം എന്ന വിലാസത്തിൽ ലഭ്യമാക്കണം. ക്വട്ടേഷനുകൾ 2023 ഒക്ടോബർ 20ന് ഉച്ചകഴിഞ്ഞു മൂന്നിനു ഹാജരുള്ള ക്വട്ടേഷണർമാരുടെ സാന്നിധ്യത്തിൽ തുറക്കുന്നതും വർക്ക് ഓർഡർ നൽകുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതുമാണ്.

ഡെപ്യൂട്ടി ഡയറക്ടർ (എം.ആർ)
ഇൻഫർമേഷൻ പബ്ലിക് റിലേഷൻസ് വകുപ്പ്

പകർപ്പ്
1) ഐപിആർഡി വെബ്സൈറ്റ്
2) നോട്ടീസ് ബോർഡ്
3) ഓഫീസ് കോപ്പി